**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276** **09-10-2025 - ൽ മറുപടിയ്ക്ക്**

**സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. രാജ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ്-ന്റെ പ്രധാന ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കെ-ഡിസ്ക് സംഘടിപ്പിച്ച സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി ഒരു ലക്ഷം തൊഴിലവസരങ്ങൾ കണ്ടെത്തുക.<br>• സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കിയ മികച്ച നൈപുണ്യ പരിശീലന രീതികൾ അവതരിപ്പിക്കുക.<br>• യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനായി സംസ്ഥാനത്തിന് അനുയോജ്യമായ ദീർഘകാല കാഴ്ചപ്പാട് രൂപപ്പെടുത്തുക.<br>• ഉന്നത വിദ്യാഭ്യാസ സംവിധാനത്തിന് അനുയോജ്യമായി ഏജൻസി അധിഷ്ഠിത പരിശീലനത്തിന് പകരം കമ്മ്യൂണിറ്റി അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾക്ക് രൂപം നൽകുക.<br>• വ്യവസായങ്ങളിലും കമ്മ്യൂണിറ്റി അടിസ്ഥാനത്തിലും വിജയകരമായി നടപ്പാക്കിയ മികച്ച മാതൃകകൾ പ്രദർശിപ്പിക്കുക.<br>• അന്താരാഷ്ട്ര നൈപുണ്യ മാതൃകകൾ കേരളത്തിന്റെ നൈപുണ്യ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താൻ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പരിശോധിക്കുക.<br>• അന്താരാഷ്ട്ര തൊഴിൽ സാധ്യതകളിലേക്ക് പുതിയ വഴികൾ കണ്ടെത്തുക. |

| | | | |
|---|---|---|---|
| (ബി) | സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ലഭ്യമാകുന്ന പ്രധാന അവസരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വിവിധ തലങ്ങളിൽ സമഗ്രമായ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി, എയർ കാർഗോ ഫെഡറേഷൻ ഓഫ് ഇന്ത്യ, ഐസിടി അക്കാദമി ഓഫ് കേരള തുടങ്ങി വിവിധ ഏജൻസികളുടെ സഹകരണത്തോടെ 1,56,237 തൊഴിൽ അവസരങ്ങൾ സമാഹരിച്ച് ധാരണാപത്രങ്ങൾ ഒപ്പിട്ടിട്ടുണ്ട്. ഇതിൽ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സമാഹരിച്ച തൊഴിലവസരങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:<br><br>ഡിപ്ലോമ: 17532<br>ഹെൽത്ത്കെയർ: 3057<br>ഐടിഐ: 40975<br>ബിരുദം: 57923<br>എഞ്ചിനീയറിംഗ്: 10027<br>മറ്റുള്ളവ: 75455<br><br>ഈ അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക ക്യാമ്പസ് സ്കില്ലിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കുകയാണ്. ക്യാമ്പസുകളിൽ സ്കിൽ സെന്ററുകളുടെ ആഭിമുഖ്യത്തിൽ പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ, മെന്റർമാരുടെ മൊബിലൈസേഷൻ എന്നിവ നടക്കുന്നു. ഇതിലൂടെ അഞ്ചുലക്ഷം വരുന്ന വിദ്യാർഥികളെ സ്കിൽ പ്രോഗ്രാമിലേക്ക് ഉൾപ്പെടുത്തി രണ്ടുമാസത്തെ പരിശീലനത്തിന് ശേഷം ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ തൊഴിലവസരങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി നടപ്പിലാക്കാൻ ആണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം SC/ST വകുപ്പുമായി ചേർന്ന് പോളിടെക്നിക്, ഐ.ടി.ഐ വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന പരിപാടി ആരംഭിക്കുന്നതിനുള്ള പദ്ധതിയും വിജ്ഞാനകേരളം ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള വിദ്യാർത്ഥികളെ മാത്രമല്ല, കഴിഞ്ഞ രണ്ടു വർഷത്തിനിടെ പാസ്ഔട്ട് ആയവർക്കും റിഫ്രഷർ ട്രെയിനിങ് നൽകി തൊഴിൽ മേഖലകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br>പോളിടെക്നിക്, എഞ്ചിനീയറിംഗ്, ആർട്സ് & സയൻസ് കോളേജുകൾ, ഐ.ടി.ഐ. -കൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള മികച്ച നൈപുണ്യ പരിശീലന മാതൃകകളും വിജയകരമായ പ്ലേസ്മെന്റ് രീതികളും പങ്കുവെച്ച്, |

| | | | |
|---|---|---|---|
| | | | അത് എല്ലാ ക്യാമ്പസുകളിലും സാർവത്രികമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പ്ലേസ്മെന്റ് സെന്ററുകളുടെ നേതൃത്വത്തിൽ നടക്കുന്നു. ഇതു വഴി സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ് യുവജനങ്ങൾക്ക് പരിശീലനത്തിലും തൊഴിൽ മേഖലയിലും ഉറച്ച പിന്തുണ നൽകി, ഭാവിയിലേക്ക് ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള വിപുലമായ അവസരങ്ങൾ സൃഷ്ടിക്കുന്നു. |
| (സി) | അന്താരാഷ്ട്ര തലത്തിൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനായി സമ്മിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | സ്കിൽ സമ്മിറ്റിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിലുള്ള തൊഴിൽ സാധ്യതകൾ കണ്ടെത്താനും, ആഗോള നിലവാരത്തിലുള്ള നൈപുണ്യ പരിശീലന മാതൃകകൾ പരിചയപ്പെടുത്താനും ലക്ഷ്യമിട്ട് ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ ചുവടെ ചേർക്കുന്നു;<br><br>സിംഗപ്പൂർ, മലേഷ്യ, സൗത്ത് കൊറിയ, യു.കെ., ഓസ്ട്രേലിയ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖർ, അക്കാദമീഷ്യന്മാർ, നയതന്ത്ര പ്രതിനിധികൾ എന്നിവർ സമ്മിറ്റിൽ പങ്കെടുത്തത്, അന്താരാഷ്ട്ര തൊഴിൽ സാധ്യതകൾക്ക് നേരിട്ടുള്ള ബന്ധം സ്ഥാപിക്കാൻ സഹായകരമായി. ഇതോടൊപ്പം വേൾഡ് ബാങ്ക്, ILO, ADB, യൂണിസെഫ്, UN Women തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുടെ പങ്കാളിത്തവും സമ്മിറ്റിൽ ഉണ്ടായി.<br><br>പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ നേതൃത്വത്തിൽ സേഫ് ആൻഡ് ലീഗൽ മൈഗ്രേഷൻ സംബന്ധിച്ച പ്രധാന ചർച്ചയും നടന്നു. വിദേശ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനായി, യൂറോപ്പ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിലേക്കുള്ള തൊഴിൽ പ്രവേശനത്തിനായി ഭാഷാ പരിശീലനവും സ്കിൽ സർട്ടിഫിക്കേഷനും ഉൾപ്പെടുത്തിയ പ്രത്യേക കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഈ ലക്ഷ്യത്തോടെ നോർക്ക, ODEPC, KASE, ASAP കേരള തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ് തുടങ്ങി വിവിധ ഭാഷകളിൽ പരിശീലനം നൽകുന്ന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം, വിദേശ തൊഴിലവസരങ്ങളിൽ മത്സരാധിഷ്ഠിതമായി മുന്നേറാൻ ആവശ്യമായ സ്കിൽ സർട്ടിഫിക്കേഷനുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.<br><br>കൂടാതെ, അന്താരാഷ്ട്ര തലത്തിലുള്ള അവസരങ്ങൾ ഏകോപിക്കുന്നതിനായി വിജ്ഞാന |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ ഭാഗമായി ഒരു പ്രത്യേക വെർട്ടിക്കൽ തന്നെ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ആഭിമുഖ്യത്തിൽ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സുമായുള്ള കൺസൾട്ടേഷൻ, അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളുമായുള്ള മീറ്റിംഗുകൾ സംഘടിപ്പിച്ചു. ഇതോടൊപ്പം, ഒക്ടോബർ 7-ന് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവിനെ ആസ്പദമാക്കി പ്രത്യേക കർമ്മപദ്ധതികളും തയ്യാറാക്കിവരുന്നു. |
| (ഡി) | സംസ്ഥാനത്തെ അന്താരാഷ്ട്ര തൊഴിൽ വിപണി കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ അന്താരാഷ്ട്ര തൊഴിൽവിപണിയിൽ കൂടുതൽ മത്സരാധിഷ്ഠിതമായി മുന്നേറുന്നതിനായി കെ ഡിസ്ക് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു;<br><br>• ഗ്ലോബൽ ലേണിങ് പ്ലാറ്റ്ഫോംകൾ: കോഴ്സെറ, ലിങ്ക്ഡ്ഇൻ എന്നീ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെ സ്കിൽ കോഴ്സുകൾ സംസ്ഥാനത്തെ തൊഴിലന്വേഷകർക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br>• കോംപീറ്റൻസി ടെസ്റ്റുകൾ: ബ്രിട്ടീഷ് കൗൺസിൽ, TCS, iON, Foundit തുടങ്ങിയ ഏജൻസികളുമായി ചേർന്ന് ആഗോള നിലവാരത്തിലുള്ള കോംപീറ്റൻസി ടെസ്റ്റുകൾ വ്യാപകമായി നടത്താനാണ് ഉദ്ദേശിക്കുന്നത്.<br>• ഭാഷാ പരിശീലനവും സർട്ടിഫിക്കേഷനും: യൂറോപ്പ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിലേക്കുള്ള തൊഴിൽ പ്രവേശനത്തിനായി പ്രത്യേക കർമ്മപദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. നോർക്ക, ODEPC, KASE, ASAP കേരള എന്നിവരുടെ സഹകരണത്തോടെ ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ് തുടങ്ങിയ ഭാഷകളിൽ പരിശീലനം നൽകാനും വിദേശ തൊഴിൽ വിപണിയിൽ മത്സരാധിഷ്ഠിതത്വം വർധിപ്പിക്കുന്നതിനായി ആവശ്യമായ സ്കിൽ സർട്ടിഫിക്കേഷനുകൾ ഉറപ്പുവരുത്താനുമുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിവരുന്നു.<br>• ഹയർ ഓർഡർ തിങ്കിങ്ങ് ട്രെയിനിങ്: പ്രശ്നപരിഹാര ശേഷിയും, നവീന ചിന്താശേഷിയും വർധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>• വർക്ക് നിയർ ഹോം സെന്റർ : അന്താരാഷ്ട്ര അവസരങ്ങൾക്കായി യുവാക്കളെ പൊസിഷൻ ചെയ്യുന്നതിനായി "വർക്ക് |

| | | | | |
|---|---|---|---|---|
| | | | | നിയർ ഹോം സെന്ററുകൾ" സ്ഥാപിക്കുകയും, സംസ്ഥാന സർക്കാർ ഉദ്യോഗാർത്ഥികൾക്കായി വിവിധ ഫ്രീലാൻസ് ട്രെയിനിങ്ങുകൾ നൽകാനും ഉദ്ദേശിക്കുന്നു.<br>• ഹാക്കത്തോൺ, ഐഡിയത്തോൺ: മികച്ച വിദ്യാർത്ഥികളെ അന്താരാഷ്ട്ര തലത്തിൽ പ്രദർശിപ്പിക്കുന്നതിനായി ഹാക്കത്തോണുകളും ഐഡിയത്തോണുകളും സംഘടിപ്പിക്കുന്നു.<br><br>ആഗോള നിലവാരത്തിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനായി കാലാനുസൃതമായ നൈപുണ്യ വികസന/ പരിശീലന കോഴ്സുകൾ അസാപ് കേരള ആവിഷ്കരിച്ച് നടത്തിവരുന്നു. നിർമിത ബുദ്ധിയുടെ സാധ്യതകൾ പഠിക്കാനും പ്രയോഗത്തിൽ വരുത്താനും പ്രാപ്തരാക്കുന്ന ജെൻ എ ഐ ആൻഡ് പ്രോംപ്റ്റ് എഞ്ചിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് മുതലായ കോഴ്സുകൾ, ഡാറ്റ മാനേജ്മെന്റുമായി ബന്ധപ്പെട്ട് അനുദിനം ഉണ്ടായിവരുന്ന തൊഴിലവസരങ്ങൾ കൈക്കലാക്കാൻ സഹായിക്കുന്ന ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി എന്നീ കോഴ്സുകളും, ബാങ്കിങ് ആൻഡ് ഫിനാൻസ് മേഖലയിൽ നിന്നും ദേശീയ - അന്തർദേശീയ തലത്തിൽ ഉയർന്നു വരുന്ന തൊഴിൽ സാധ്യതകൾക്ക് അനുയോജ്യമായ എൻറോൾഡ് ഏജന്റ്, സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് (സി പി എ) തുടങ്ങി നൂറിലധികം കോഴ്സുകൾ വിവിധ ഇൻഡസ്ട്രികളുടെയും അക്കാദമിക് വിദഗ്ധന്മാരുടെയും സഹായത്തോടെ രൂപപ്പെടുത്തി അസാപ് കേരള നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ